

# ആദ്യ 100 ദിവസങ്ങൾ

ജൂൺ-സെപ്തംബർ 2022

## ലിസണിംഗ് & ലേണിംഗ്

ടോണി ബി വാട്ലിംഗ്ടൺ സീനിയർ, Ed.D.
സൂപ്പറിന്റൻഡന്റ്








THE SCHOOL DISTRICT OF PHILADELPHIA

# സൂപ്പറിന്റൻഡന്റ് വാട്ലിംഗ്ടണിൽ നിന്നുള്ള ഒരു സന്ദേശം



ദ സ്കൂൾ ഡിസ്ട്രിക്ട് ഓഫ് ഫിലഡൽഫിയായുടെ സൂപ്പറിന്റൻഡന്റ് എന്ന അവിശ്വസനീയ പദവി ഞാൻ ആശ്ലേഷിക്കുമ്പോൾ, എന്റെ ആദ്യ മുൻഗണന കേൾക്കുകയും പഠിക്കുകയും ചെയ്യുക എന്നതാണ്. ജോലിയിലെ എന്റെ ആദ്യ 100 ദിവസങ്ങളിൽ, ഇപ്പോൾ എന്തെല്ലാമാണ് നന്നായി ചെയ്തുപോരുന്നതെന്നും, എന്തിനെല്ലാമാണ് മെച്ചപ്പെടുത്തൽ ആവശ്യമായിരിക്കുന്നതെന്നും കണ്ടെത്തുന്നതിനുള്ള തന്ത്രപരവും, ആലോചനാപൂർണ്ണവും, നീതിയിലൂന്നിയുള്ളതുമായ സംഭാഷണങ്ങളിലും നടപടികളിലും ഞാൻ ഏർപ്പെടുന്നതാണ്. സഹകരണപരവും ഫലങ്ങൾ ലക്ഷ്യമാക്കിയുള്ളതുമായ നേതൃത്വശൈലി കെട്ടിപ്പടുത്തുകൊണ്ട്, ഈ മഹാ നഗരത്തിന്റെ ചരിത്രത്തെ കുറിച്ച് പഠിക്കുന്നതിനും, സ്കൂൾ ഡിസ്ട്രിക്ട് ഓഫ് ഫിലഡൽഫിയയുടെ ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിന് എന്താണ് ആവശ്യമെന്നു കേൾക്കുന്നതിനും ഫിലാഡൽഫിയക്കാരുടെ വിപുലമായ ഒരു ശ്രേണിയുമായി ഞാൻ ഇടപെടുന്നതാണ്.

ഫിലഡൽഫിയ അനിതരസാധാരണമായ ശേഷിയും സഞ്ചിതമായ വിഭവങ്ങളുമുള്ള ചലനാത്മകമായ ഒരു നഗരമാണ്. തുല്യത, സഹോദരതുല്യമായ സ്നേഹം, സഹോദരീതുല്യമായ വാത്സല്യം, ആക്ടിവിസം എന്നിവയോടുള്ള അതിന്റെ ചരിത്രപരമായ പ്രതിബദ്ധതയുടെ പേരിൽ അറിയപ്പെടുന്ന ഈ നഗരത്തിന്, എല്ലാ കുട്ടികളും തങ്ങളുടെ വംശമോ മതമോ ലിംഗപദവിയോ ലൈംഗിക ആഭിമുഖ്യമോ സാമ്പത്തിക സ്ഥിതിയോ എന്തുതന്നെയായാലും അവരുടെ പഠനത്തിന് ആക്കം വർദ്ധിപ്പിക്കുന്നതും, അവരുടെ സഹജമായ നൈപുണ്യങ്ങൾ തിരിച്ചറിയുന്നതുമായ ഒരു ഇടമാകാനാവും. നമ്മൾ സേവിക്കുന്ന 198,645 കുട്ടികളുടെ ജീവിത പരിണിതഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നമ്മുടെ ഏറ്റവും സങ്കീർണ്ണമായ വെല്ലുവിളികളിലേക്ക് നമ്മുടെ ഊന്നലും, ഊർജ്ജവും, ക്രിയാത്മകതയും നമുക്ക് ഒരുമിച്ചു കൊണ്ടുവരുന്നതിനായി, തീവ്രമായ ഒരു അത്യാവശ്യകതാ ബോധത്തോടു കൂടെയും, നമ്മുടെ വിദ്യാർത്ഥികളോടും, കുടുംബങ്ങളോടും, ജീവനക്കാരോടും, നഗരത്തിന്റെയും സംസ്ഥാനത്തിന്റെയും നേതാക്കളോടും, യൂണിയനുകളോടും, സർവ്വകലാശാലകളോടും, ആക്ടിവിസ്റ്റുകളോടും, അടിസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളോടും, ബിസിനസ്സ് നേതാക്കളോടും സഹകരിച്ചും, സൂപ്പറിന്റൻഡന്റ് എന്നുള്ള നിലയിൽ ഞാൻ പ്രവർത്തിക്കുന്നതാണ്. ഒരു കുട്ടി നമ്മുടെ പരമ്പരാഗത സ്കൂൾ സാഹചര്യത്തിൽ പഠിക്കുകയാണെങ്കിലും നമ്മുടെ ചാർട്ടർ സ്കൂൾ കമ്മ്യൂണിറ്റിയ്ക്കുള്ളിൽ പഠിക്കുകയാണെങ്കിലും, അവർ അഭിവൃദ്ധിപ്പെടുന്നത് കാണുന്നതിനാവശ്യമായ വിഭവങ്ങളും, സ്നേഹവും പ്രതിബദ്ധതയും പ്രദാനം ചെയ്യാൻ മുതിർന്നവരായ നമ്മളുണ്ടാവും. ജോലി കഠിനമായിരിക്കും, എന്നാൽ നമ്മുടെ കുട്ടികൾ അവർക്കും അവരുടെ കുടുംബങ്ങൾക്കും ജീവിതം മാറ്റിമറിക്കുന്നതായ അവസരങ്ങളും പരിണിതഫലങ്ങളും സൃഷ്ടിക്കുന്നതിനായി നമ്മെ ഉറ്റുനോക്കുകയാണ്.

എൻ ആദ്യ 100 ദിവസങ്ങളിൽ, ഈ നഗരത്തെയും സ്കൂൾ ഡിസ്ട്രിക്ടിനെയും കുറിച്ചു പഠിക്കുന്നതിലുള്ള എന്റെ പ്രതിബദ്ധത നിങ്ങൾ കാണുകയും, കേൾക്കുകയും, അനുഭവിക്കുകയും ചെയ്യും. നമ്മുടെ ധാർമ്മിക ഉദ്ദേശ്യത്തോട് വ്യക്തമായി പൊരുത്തപ്പെടാനും ഊന്നലോടും മനഃപൂർവ്വമായും പ്രവർത്തിക്കാനും സാധിക്കുന്നതിനായി, നമ്മുടെ ബോർഡ് ഓഫ് എഡ്യുക്കേഷനുമായി ഞാൻ ശക്തവും അർത്ഥപൂർണ്ണവുമായ ബന്ധങ്ങൾ ഞാൻ കെട്ടിപ്പടുക്കുന്നതാണ്. നമ്മുടെ സ്കൂൾ സംവിധാനത്തിന്റെ വിജയത്തിനായി നമുക്കെല്ലാവർക്കും സജീവമായി സംഭാവന ചെയ്യാനാകുന്നതിനും ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിനും നമുക്ക് സാധിക്കുന്നതിനുമായി നമ്മുടെ കമ്മ്യൂണിറ്റിയുമായുള്ള നമ്മുടെ ഇടപെടലും നാം വിപുലപ്പെടുത്തുന്നതാണ്.

ഈ ലിസണിംഗ് & ലേണിംഗ് ടൂർ ലക്ഷ്യങ്ങളെയും പിന്തുണകളെയും പ്രതിഫലിപ്പിക്കുന്നതും മികവിലേക്കുള്ള ദീർഘവും സഹകരിച്ചുള്ളതുമായ ഒരു യാത്രയുടെ തുടക്കമാകുന്നതുമായ അഞ്ച് മുൻഗണനാ മേഖലകളിലാണ് ശ്രദ്ധയൂന്നുന്നത്. ഈ പ്രക്രിയ നമ്മുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന് വഴികാട്ടിയാകാൻ സഹായിക്കുന്ന കണ്ടെത്തലുകളും ശുപാർശകളും അടങ്ങുന്ന ഒരു റിപ്പോർട്ടിലേക്ക് നയിക്കുന്നതാണ്. "നമ്മുടെ കുട്ടികൾ എങ്ങനെയിരിക്കുന്നു?" എന്നു നാം ഒത്തൊരുമിച്ച് ചോദിക്കുമ്പോൾ ഉത്തരം "എല്ലാ കുട്ടികളും നന്നായിരിക്കുന്നു!" എന്നതാവും എന്നതിന് നമുക്ക് തെളിവും ആത്മവിശ്വാസവും ഉണ്ടായിരിക്കുന്നതായ വിജയകരമായ ഒരു യാത്രയ്ക്ക് ഞാൻ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. മറ്റേത് ഉത്തരവും തികച്ചും അസ്വീകാര്യമാണ്.

നിങ്ങളുമൊത്തുള്ള പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നതിനുള്ള ഈ അവസരത്തിനായി മുൻകൂട്ടി നന്ദിപറയുന്നു. നമ്മുടെ മികച്ച ദിവസങ്ങൾ മുന്നിലുണ്ട്.

Tony B. Watlington, Sr.

*വിശ്വാസം / പങ്കാളിത്തം / നീതി / മികവ് / പഠനം*

# ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിന് ആക്കം കൂട്ടുന്നതിന് ലിസണിംഗ് ആന്റ് ലേണിംഗിനുള്ള മുൻഗണനാ മേഖലകൾ

നാം സേവനം ചെയ്യുന്ന എല്ലാ വിദ്യാർത്ഥികളെയും പിന്തുണയ്ക്കുന്നതിനായി ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിനായി നാം ഒത്തൊരുമിച്ച് പ്രവർത്തിക്കുമ്പോൾ ലിസണിംഗ് ആന്റ് ലേണിംഗിനുള്ള ഈ അഞ്ച് മുൻഗണനാ മേഖലകൾ എന്റെ ചിന്തകൾക്കും ആശയങ്ങൾക്കും അറിവ് പകരാൻ സഹായിക്കുന്നതാണ്. philasd.org/goalsandguardrails സന്ദർശിച്ച് ലക്ഷ്യങ്ങളെയും പിന്തുണകളെയും അഥവാ ഗോൾസ് ആന്റ് ഗാർഡ് റെയിൽസിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുക

## മുൻഗണനാ മേഖല 1

വിദ്യാർത്ഥിയുടെയും സ്റ്റാഫിന്റെയും ക്ഷേമം വിലയിരുത്തുക

## മുൻഗണനാ മേഖല 2

നമ്മുടെ സ്റ്റേക്ക്ഹോൾഡർമാരെ വ്യാപൃതമാക്കുകയും വിശ്വസം കെട്ടിപ്പടിക്കുകയും ചെയ്യുക

## മുൻഗണനാ മേഖല 3

അഭ്യസനവും പഠനവും വിലയിരുത്തുക

## മുൻഗണനാ മേഖല 4

ഡിസ്ട്രിക്ട് നേതൃത്വ ശേഷിയും അലൈൻമെന്റും വിലയിരുത്തുക

## മുൻഗണനാ മേഖല 5

ഡിസ്ട്രിക്ട് ഓപ്പറേഷനുകൾ, ഫെസിലിറ്റികൾ, ഫിനാൻസുകൾ എന്നിവ വിലയിരുത്തുക

# മുൻഗണനാ മേഖല 1

## വിദ്യാർത്ഥിയുടെയും സ്റ്റാഫിന്റെയും ക്ഷേമം വിലയിരുത്തുക

## ലക്ഷ്യം

വിദ്യാർത്ഥികളും സ്റ്റാഫും ശാരീരികമായും വൈകാരികമായും സുരക്ഷിതരല്ലെങ്കിൽ അവർക്ക് അഭിവൃദ്ധിപ്പെടാനാവില്ല. ഒരു സ്കൂൾ ഡിസ്ട്രിക്ട് എന്നുള്ള നിലയിൽ, വിദ്യാർത്ഥികൾക്കും സ്റ്റാഫിനും പഠിക്കുന്നതിനും വളരുന്നതിനുമുള്ള ഒരു സുരക്ഷിത വലയം സൃഷ്ടിക്കുന്നതിനായി, ക്ഷേമവും സുരക്ഷിതത്വവും സംബന്ധിച്ച വിഷയങ്ങളെ നാം മേയറുടെ ഓഫീസ്, സിറ്റി കൗൺസിൽ, ബിസിനസ്സ് സമൂഹം, നമ്മുടെ അയൽപക്കങ്ങൾ കൂടാതെ നമ്മുടെ സ്കൂളുകൾ എന്നിവയിൽ നിന്നുള്ള സുപ്രധാന സ്റ്റേക്ക്ഹോൾഡർമാരെ ഒരുമിച്ചുവിളിച്ചുചേർത്ത് കൂട്ടായ ഒരു യത്നം എന്നുള്ള നിലയിൽ സമീപിക്കേണ്ടതാണ്. വിദ്യാർത്ഥി ക്ഷേമത്തിനോടും സുരക്ഷിതത്വത്തിനോടുമുള്ള നമ്മുടെ സമീപനം, ആരോഗ്യകരവും അർത്ഥപൂർണ്ണവുമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതിനുള്ള വർദ്ധിതമായ അവസരങ്ങളിലേക്കുള്ള ഒരു ക്ഷണവും പ്രാപ്യതയും നമ്മുടെ വിദ്യാർത്ഥികൾക്ക് വാഗ്ദാനം ചെയ്യും. ഉല്പാദനക്ഷമമായ പൗരന്മാരാകുന്നതിന് ഫിലഡൽഫിയ തങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന അവസരങ്ങളുടെ സമൃദ്ധി നമ്മുടെ വിദ്യാർത്ഥികൾ കാണുന്നുണ്ട് എന്നുറപ്പാക്കുന്നതിനായി നമ്മൾ പ്രവർത്തിക്കുന്നതാണ്.

## നടപടി ചുവടുകൾ

**1.1** അടിസ്ഥാനതലത്തിലുള്ള ആശയവിനിമയവും വിദ്യാർത്ഥികളുടെയും സ്റ്റാഫിന്റെയും സുരക്ഷാ വിഷയങ്ങൾ ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റി വിഷയങ്ങളോടുള്ള പ്രതികരണങ്ങളും ഏകോപിപ്പിക്കുന്നതിനായി, സൂപ്പറിന്റൻഡന്റിന് റിപ്പോർട്ട് ചെയ്യുന്ന ഒരു കമ്മ്യൂണിറ്റി ലെയിസണിനെ ഹയർ ചെയ്യുക.

**1.2** കടുത്ത ഹാജരാകാതിരിക്കൽ, ഭവനമില്ലായ്മ, അടിയന്തിര പിന്തുണകൾ, ഔട്ട്-ഓഫ്-സ്കൂൾ സമയം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ട് സുപ്രധാന സിറ്റി, കമ്മ്യൂണിറ്റി നേതാക്കളെ വിളിച്ചുകൂട്ടുന്നതിനായി നിലവിലുള്ള ഘടനകൾ അവലോകനം ചെയ്യുക.

**1.3** സിറ്റി ഏജൻസികൾ, അടിസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ, സുപ്രധാന സ്റ്റേക്ക്ഹോൾഡർമാർ എന്നിവരുമായി ചേർന്ന്, സമ്മർ, ആഫ്റ്റർ സ്കൂൾ, കോ-കരിക്കുലർ പ്രോഗ്രാമിംഗ് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ വിലയിരുത്തുക.

**1.4** സ്കൂൾ അന്തരീക്ഷത്തെയും സ്കൂൾ സുരക്ഷാ വിഷയങ്ങളെയും സംബന്ധിച്ച് വിദ്യാർത്ഥികൾ, സ്റ്റാഫ്, മാതാപിതാക്കൾ, കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരിൽ നിന്ന് നമ്മൾ എങ്ങനെയാണ് ഫീഡ്ബാക്കും പ്രതികരണവും സ്വീകരിക്കുന്നതെന്ന് അവലോകനം ചെയ്യുക.

**1.5** നമ്മുടെ സ്കൂളുകൾക്കുള്ളിലും അവയ്ക്കു ചുറ്റുവട്ടത്തും നടക്കുന്ന അക്രമ കുറ്റകൃത്യങ്ങൾക്ക് ഒരു പ്രത്യേക ഊന്നലോടെ നമ്മുടെ സ്കൂൾ/ഡിസ്ട്രിക്ട് സസ്പെൻഷൻ എക്സ്പൽഷൻ ഡാറ്റ അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുക.

**1.6** വ്യക്തിഗത സ്കൂൾ കാലാവസ്ഥ ഡാറ്റ അവലോകനം ചെയ്യുക.

**1.7** വിദ്യാർത്ഥികളുടെയും സ്റ്റാഫിന്റെയും മാനസികാരോഗ്യ പിന്തുണയോടുള്ള നമ്മുടെ സമീപനം അവലോകനം ചെയ്യുകയും, വിദ്യാർത്ഥികൾക്കും സ്റ്റാഫിനുമുള്ള ഏകോപിത മാനസികാരോഗ്യ പിന്തുണകളിലും സേവനങ്ങളിലും നാം അനുയോജ്യമായി നിക്ഷേപിക്കുന്നുണ്ടോ എന്നു നിർണയിക്കുകയും ചെയ്യുക.

**1.8** ഓജസ്കരമായ സമ്പ്രദായങ്ങളും പോസിറ്റീവ് പെരുമാറ്റവും, ഇടപെടൽ, പിന്തുണ പരിപാടികൾ എന്നിവയിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ വിലയിരുത്തുക.

# മുൻഗണനാ മേഖല 2

## നമ്മുടെ സ്റ്റേക്ക്ഹോൾഡർമാരെ വ്യാപൃതമാക്കുകയും വിശ്വാസം കെട്ടിപ്പടിക്കുകയും ചെയ്യുക

### ലക്ഷ്യം

വിശ്വാസം ആരംഭിക്കുന്നത് മനസ്സിലാക്കുന്നതിനായി ചെവികൊടുക്കുന്നതിലും അതിനുശേഷം എല്ലാ വിദ്യാർത്ഥികളെയും വിജയിക്കുന്നതിൽ സഹായിക്കുന്ന പ്രവർത്തനത്തിലെ പങ്കാളികൾ എന്ന നിലയിൽ സഹകരിക്കുകയും ഫലപ്രദമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നതിലുമാണ്. വിദ്യാർത്ഥികൾ, കുടുംബങ്ങൾ, സ്റ്റാഫ്, സിറ്റി നേതാക്കൾ, സംസ്ഥാന നേതാക്കൾ, യൂണിയനുകൾ, സർവ്വകലാശാലകൾ, ആക്ടിവിസ്റ്റുകൾ, അടിസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകൾ, ബിസിനസ്സ് നേതാക്കൾ എന്നിവർ ഉൾപ്പെടെ നമ്മുടെ സമൂഹത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും നാം മനസ്സിലാക്കേണ്ടതും ആവശ്യമാണ്. കൂടാതെ, നമുക്ക് ശക്തമായ സഹകരണാത്മകമായ ഘടനകളുണ്ടെന്ന് നാം ഉറപ്പുകയും, ആന്തരികമായും ബാഹ്യമായും നാം എങ്ങനെയാണ് ആശയവിനിമയം നടത്തുന്നത് എന്ന് വിലയിരുത്തുകയും ചെയ്യേണ്ടതുണ്ട്.

### നടപടി ചുവടുകൾ

**2.1** എല്ലാ കമ്മ്യൂണിറ്റികളുടെയും കൃത്യമായ മുൻഗണനകളും ആവശ്യങ്ങളും മനസ്സിലാക്കുന്നതിന് ഒരു ലിസണിംഗ് ആന്റ് ലേണിംഗ് ടൂർ ആരംഭിക്കുക.

**2.2** സൂപ്പറിന്റൻഡന്റുമൊത്തുള്ള സഹകരണാത്മക ഘടനകൾ വർദ്ധിപ്പിക്കുക.

**2.3** ബോർഡ് ഓഫ് എഡ്യുക്കേഷൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മേയർ, സിറ്റി കൗൺസിൽ, സംസ്ഥാന ഉദ്യോഗസ്ഥർ, ലെജിസ്ലേറ്റീവ് ഡെലിഗേഷൻ, വിശ്വാസ-അധിഷ്ഠിത സമൂഹം, ബിസിനസ്സ് നേതാക്കൾ കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരുമൊത്തുള്ള കൂടിയാലോചനയിലൂടെ സുപ്രധാന നേതാക്കളെ കൂടിക്കാണുക.

**2.4** അദ്ധ്യാപകർ, അഡ്മിനിസ്ട്രേറ്റർമാർ, സപ്പോർട്ട് സ്റ്റാഫ്, മറ്റ് സ്കൂൾ അധിഷ്ഠിത സ്റ്റാഫ്, കേന്ദ്ര ഓഫീസ് ജീവനക്കാർ എന്നിവരുമൊത്തുള്ള നേരിട്ടുള്ളതും സൂം മീറ്റിംഗുകൾ മുഖേനയുള്ളതുമായ ടൗൺ ഹാൾ സെഷനുകൾ സംഘടിപ്പിക്കുക.

**2.5** ബഹുമാനത്തിന്റെയും വിശ്വാസത്തിന്റെയും ഒരു സംസ്കാരം സ്ഥാപിക്കുന്നതിന് നമ്മുടെ യൂണിയൻ പങ്കാളികളുമൊത്തുള്ള ചർച്ചകൾക്ക് തുടക്കം കുറിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുക

**2.6** സിസ്റ്റം-വ്യാപകമായ സന്ദേശങ്ങൾ ബോർഡ് അംഗങ്ങൾ, പ്രിൻസിപ്പൾമാർ, ഇൻസ്ട്രക്ഷണൽ സ്റ്റാഫ്, നോൺ-ഇൻസ്ട്രക്ഷണൽ സ്റ്റാഫ്, സെൻട്രൽ ഓഫീസ് സ്റ്റാഫ് എന്നിവർ എങ്ങനെ മനസ്സിലാക്കുന്നു എന്ന് നിർണയിക്കുന്നതിനായി, സാമൂഹിക മാധ്യമ തന്ത്രം ഉൾപ്പെടെയുള്ള ആന്തരിക ആശയവിനിമയ പ്രോട്ടോക്കോളുകൾ വിലയിരുത്തുക.

**2.7** ആശയ വിനിമയ പ്രോട്ടോക്കോളുകൾ, വർഷം 1 മുൻഗണനകൾ, സൂപ്പറിന്റൻഡന്റ് വലിയിരുത്തൽ പ്രക്രിയ എന്നിവ അവലോകനം ചെയ്യുന്നതിനായി ബോർഡ് ഓഫ് എഡ്യുക്കേഷൻ റിട്രീറ്റുകൾ ഷെഡ്യൂൾ ചെയ്യുക.

**2.8** ഡിസ്ട്രിക്ടിന്റെ ആശയവിനിമയ, എൻഗേജ്മെന്റ് യത്നങ്ങളുടെ നിലവിലുള്ള സ്ഥിതിയും, അതുപോലെ തന്നെ സ്കൂൾ ഡിസ്ട്രിക്ടിൻ വെബ്സൈറ്റും സ്കൂളുകളുടെ വെബ്സൈറ്റുകളും വിലയിരുത്തുക.

# മുൻഗണനാ മേഖല 3

## അഭ്യസനവും പഠനവും വിലയിരുത്തുക

## ലക്ഷ്യം

മെച്ചപ്പെടുത്തിയ അക്കാഡമിക്ക് നേട്ടത്തിലും, ലക്ഷ്യങ്ങളിലും പിന്തുണകളിലും എത്തുന്നതിലും കലാശിക്കുന്ന അഭ്യസനവും പഠനവുമാണ് നമ്മുടെ കാതലായ പ്രവർത്തനം. കോവിഡ്-19 വിദ്യാർത്ഥികളുടെ പഠനത്തിൽ ഗുരുതരമായ തടസ്സങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇനി നമ്മൾ ഉന്നത ഗുണനിലവാരമുള്ള അഭ്യസനത്തിനും പഠനത്തിനും മുൻഗണന നല്കുന്നതിനായി അദ്ധ്യാപകർക്കും സ്കൂളുകൾക്കും ആവശ്യമായിരിക്കുന്നത് എന്താണോ അതവർക്ക് ലഭ്യമാകുന്നു എന്നുറപ്പാക്കുന്നതിനായി നമ്മുടെ ബോധന പരിപാടിയിൽ പൊരുത്തപ്പെടുത്തലുകൾ ശക്തിപ്പെടുത്താൻ ആരംഭിക്കേണ്ടതുണ്ട്. എല്ലാ വിദ്യാർത്ഥികളും സ്കൂൾ ഡിസ്ട്രിക്ട് ഓഫ് ഫിലാഡൽഫിയയിൽ നിന്നു ഗ്രാഡുവേറ്റ് ചെയ്യുന്നു എന്നു മാത്രമല്ല, അവർ കോളെജിനും തൊഴിൽസേനയ്ക്കും സജ്ജമാണ് എന്നു കൂടി ഉറപ്പിക്കുക എന്നതാണ് എല്ലാ ഡിസ്ട്രിക്ട് ജീവനക്കാരുടെയും, കോൺട്രാക്ടർമാരുടെയും, വോളന്റീയർമാരുടെയും ലക്ഷ്യവും ഉത്തരവാദിത്തവും.

## നടപടി ചുവടുകൾ

**3.1** സ്കൂൾ മെച്ചപ്പെടുത്തൽ യത്നങ്ങൾ നിരീക്ഷിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി അടിക്കടിയായുള്ളതും ക്രമപ്പെടുത്തിയുള്ളതുമായ സ്കൂൾ സന്ദർശനങ്ങളുടെ ഒരു പ്രക്രിയ വികസിപ്പിക്കുക.

**3.2** സ്കൂൾ മെച്ചപ്പെടുത്തൽ ആസൂത്രണത്തിന്റെ നിലവിലുള്ള പ്രക്രിയ വിലയിരുത്തുകയും (സ്കൂൾ മെച്ചപ്പെടുത്തൽ പദ്ധതികൾ ഉൾപ്പെടെ) സ്കൂളുകൾക്ക് വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി ബഹു-തലങ്ങളുള്ള വ്യക്തമായ ഒരു സംവിധാനമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.

**3.3** അഡ്മിനിസ്ട്രേറ്റീവ്, ഇൻസ്ട്രക്ഷണൽ, നോൺ-ഇൻസ്ട്രക്ഷണൽ സ്റ്റാഫിനെ പിന്തുണയ്ക്കുന്നതിനുള്ള നിലവിലുള്ള പ്രൊഫഷണൽ വികസന യത്നങ്ങളെയും, സ്റ്റാഫ് വികസനത്തിൽ ബഡ്ജറ്റ് എങ്ങനെയാണ് ഒരു നിക്ഷേപത്തിന് ഊന്നൽ നല്കുന്നത് എന്നും വിലയിരുത്തുക.

**3.4** ഡിസ്ട്രിക്ടിന്റെ സാക്ഷരതാ ഗണിത ബോധന ചട്ടക്കൂടുകളുടെ പൊരുത്തപ്പെടുത്തലുകൾ വിലയിരുത്തുക.

**3.5** അക്കാഡമിക് പ്രകടനം തൃപ്തികരമല്ലാത്തതായ മേഖലകൾക്ക് ഊന്നൽ നല്കകയും, വിദ്യാർത്ഥികളുടെ നേട്ടം കൈവരിക്കൽ പ്രവണതകളുടെ മൂല കാരണങ്ങളെ അഭിസംബോധന ചെയ്യുന്നതിനുള്ള തന്ത്രങ്ങൾ സജ്ജമാണ് എന്ന് ഉറപ്പാക്കുകയും ചെയ്യുക.

**3.6** നിലവിലെ പാഠ്യപദ്ധതി എത്രമാത്രം സമഗ്രവും ഗവേഷണാധിഷ്ഠിതവുമാണെന്നും അവ എത് തലത്തോളം നിലവാരങ്ങളുമായി പൊരുത്തപ്പെടുകയും വിദ്യാർത്ഥിയുടെ നേട്ടത്തെ/വളർച്ചയെ അനുവദിക്കുന്നു എന്നും നിർണയിക്കുക.

**3.7** ലക്ഷ്യങ്ങളിലേക്കും പിന്തുണകളിലേക്കുമുള്ള പുരോഗതിയെ പിന്തുണയ്ക്കുന്നതിനായി, വിദ്യാർത്ഥികളുടെയും സ്റ്റാഫിന്റെയും ഹാജർ നിരക്കുകൾ, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കുകൾ, വിദ്യാർത്ഥികളുടെ ഗ്രാജുവേഷൻ നിരക്കുകൾ എന്നിവ വിലയിരുത്തുക.

# മുൻഗണനാ മേഖല 4

## ഡിസ്ട്രിക്ട് നേതൃത്വ ശേഷിയും അലൈൻമെന്റും വിലയിരുത്തുക

## ലക്ഷ്യം

ദ സ്കൂൾ ഡിസ്ട്രിക്ട് ഓഫ് ഫിലഡൽഫിയയ്ക്ക് ഉയർന്ന പ്രകടം കാഴ്ച്ചവയ്ക്കുന്നതും, സഹകരണാത്മകവും, ഫലം ലക്ഷ്യമിടുന്നതുമായ ഒരു സംസ്കാരമുണ്ടാവുക എന്നത് അത്യാവശ്യാണ്. ഒരു പ്രൊഫഷണൽ സംസ്കാരമുള്ള, വളരെയധികം കാര്യക്ഷമതയുള്ള ഒരു ടീമായി നമ്മൾ ഓപ്പറേറ്റ് ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിനായി,ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിനുള്ള നമ്മുടെ നേതൃത്വത്തിന്റെ ശേഷി വിലയിരുത്തുന്നതിനും കെട്ടിപ്പടുക്കുന്നതിനും നാം ബോധപൂർവ്വമായി യത്നിക്കുന്നതാണ്. ഗ്രന്ഥകർത്താവായ ജിം കോളിൻസ് പ്രസ്താവിച്ചതു പോലെ, നമുക്ക് ബസ്സിൽ ശരിയായ സീറ്റുകളിൽ ശരിയായ ആളുകളാണുള്ളതെന്ന് നമ്മൾ ഉറപ്പാക്കുന്നതാണ്. നമുക്ക് അബദ്ധത്തിൽ മികവ് നേടാനാവില്ല. അത് നേടിയെടുക്കേണ്ടതാണ്.

## നടപടി ചുവടുകൾ

**4.1** മുഖാമുഖമുള്ള അഭിമുഖം നടത്തുകയും, നേരിട്ടുള്ള എല്ലാ റിപ്പോർട്ടുകളുമൊത്തും റെസ്യൂമെകളും ബ്രീഫിംഗ് പേപ്പറുകളും അവലോകനം ചെയ്യുകയും ചെയ്യുക.

**4.2** എക്സിക്യൂട്ടീവ് നേതൃത്വത്തെ മെച്ചപ്പെട്ട രീതിയിൽ അറിയുന്നതിന് നേതൃത്വ വിലയിരുത്തൽ ഇൻവെന്ററികൾ നിർവഹിക്കുക.

**4.3** ഫിലഡൽഫിയ പബ്ലിക് സ്കൂൾ കമ്മ്യൂണിറ്റി, പ്രാദേശിക നേതാക്കൾ, കെ-12 ദേശീയ വിദഗ്ദ്ധർ എന്നിവയിൽ നിന്നുള്ള അംഗങ്ങൾ അടങ്ങിയ ഒരു ട്രാൻസിഷൻ ടീം സ്ഥാപിക്കുക.

**4.4** ഡിസ്ട്രിക്ടിന്റെ മുൻഗണനകൾ, ഏറ്റവും പുതിയ നേട്ടങ്ങളുടെ ഡാറ്റ, നിലവിലുള്ളതും പ്രതീക്ഷിതവുമായ ഒഴിവുകൾ അവലോകനം ചെയ്യുന്നതിനും നേതൃത്വ ടീം ഘടനകളും സമ്പ്രദായങ്ങളും ചർച്ച ചെ്യയുന്നതിനും മുതിർന്ന സ്റ്റാഫുമായി ഒരു റിട്രീറ്റ് സംഘടിപ്പിക്കുക.

**4.5** നിലവിലുള്ള ഓഫീസ് ഘടന, അലൈൻമെന്റ്, ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിനുള്ള ശേഷി എന്നിവ അവലോകനം ചെയ്യുക.

**4.6** നിലവിലുള്ള സംഘടനാ ഘടനയിൽ സ്കൂൾ നേതാക്കളുടെ (പ്രിൻസിപ്പൾമാരുടെ) സ്വയംഭരണവും അധികാരവും വിലയിരുത്തുക.

**4.7** ലക്ഷ്യങ്ങളും പിന്തുണകളും കൈവരിക്കുന്നതിനായി, മുതിർന്ന സ്റ്റാഫുമായി അക്കൗണ്ടബിളിറ്റി പദ്ധതികളും സംഘടനാ ഘടനകളും അവലോകനം ചെയ്യുന്നതിന് ഒരു രണ്ടാം റിട്രീറ്റ് ആസൂത്രണം ചെയ്യുക.

# മുൻഗണനാ മേഖല 5

## ഡിസ്ട്രിക്ട് ഓപ്പറേഷനുകൾ, ഫെസിലിറ്റികൾ, ഫിനാൻസുകൾ എന്നിവ വിലയിരുത്തുക

## ലക്ഷ്യം

സ്കൂൾ ഡിസ്ട്രിക്ട് ഓഫ് ഫിലഡൽഫിയയിലെ എല്ലാ വിദ്യാർത്ഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നത്, ഓപ്പറേഷനുകളും ഫിനാൻസും ബോർഡ് നയങ്ങളുമായി ഒത്തുപോകേണ്ടതും, മികവിനെയും സുതാര്യതയെയും പ്രതിനിധികരിക്കേണ്ടതും പ്രധാനമാണ്. നിരന്തരമായ ഒരു മെച്ചപ്പെടുത്തൽ മാതൃക ഉപയോഗിച്ച് സ്കൂളുകൾക്കുള്ള പിന്തുണയും സേവനങ്ങളും തങ്ങൾ എങ്ങനെയാണ് പരമാവധിയാക്കുക എന്നു നിർണയിക്കുന്നതിനായി ഓരോ ഡിവിഷനും മൂല്യം നിശ്ചയിക്കുന്നതാണ്. അധികമായി, നമ്മുടെ ഫെസിലിറ്റുകളുമായ ബന്ധപ്പെട്ട വിഷയങ്ങൾ നാം ആഴത്തിൽ വിലയിരുത്തുന്നതാണ്.

## നടപടി ചുവടുകൾ

**5.1** ഓപ്പറേഷൻസ്, ഹ്യൂമൻ റിസോഴ്സസ്, ബഡ്ജറ്റ്, ഇ.എസ്.എസ്.ആർ. ഫണ്ടുകളുടെ ഉപയോഗം ഉൾപ്പെടെ, കൂടാതെ പ്രാദേശിക, സംസ്ഥാന, ഫെഡറൽ ഗ്രാന്റുകൾ എങ്ങനെ വിനിയോഗിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യുന്നു എന്നിവ സംബന്ധിച്ച് നേരിട്ടുള്ള റിപ്പോർട്ടുകളുമൊത്ത് മുഖാമുഖമുള്ള യോഗങ്ങൾ നടത്തുക.

**5.2** ഡിസ്ട്രിക്ടിന്റെ ഫണ്ട് ബാലൻസ്, ധനകാര്യ പ്രൊജക്ഷനുകൾ, വിഭവ വിതരണം, ബഡ്ജറ്റിംഗ് പ്രക്രിയകൾ എന്നിവ അവലോകനം ചെയ്യുക; ഡിസ്ട്രിക്ടിന്റെ ബഡ്ജറ്റും ബഡ്ജറ്റ് പ്രക്രിയയും വിദ്യാർത്ഥികളുടെ നേട്ടത്തെ പിന്തുണയ്ക്കുന്നതിനായി എങ്ങനൊണ് വിന്യസിച്ചിരിക്കുന്നതെന്ന് വിലയിരുത്തുക.

**5.3** ഡിസ്ട്രിക്ടിനെതിരായ അടുത്ത കാലത്തെയോ/നിലവിലെയോ ഏതെങ്കിലും നിയമ നടപടികളോ നടപ്പിലാക്കാനുള്ള ന്യായവിധികളോ ഉണ്ടെങ്കിൽ അവലോകനം ചെയ്യുന്നതിനായി ഓഫീസ് ഓഫ് ജനറൽ കൗൺസലുമായി മുഖാമുഖമുള്ള യോഗങ്ങൾ നടത്തുകയും, ഡിസ്ട്രിക്ടിനു മേൽ നിലവിൽ പ്രഭാവം സൃഷ്ടിക്കുന്നതോ സൃഷ്ടിക്കാൻ സാദ്ധ്യതയുള്ളതോ ആയ സ്റ്റാട്യൂട്ടുകളിലേക്ക് ശ്രദ്ധയൂന്നി സ്റ്റേറ്റ് എഡ്യുക്കേഷൻ കോഡിനെ സംബന്ധിച്ച് ഒരു ബ്രീഫിംഗ് പ്രദാനം ചെയ്യുകയും ചെയ്യുക.

**5.4** ഡിസ്ട്രിക്ടിന്റെ ഫെസിലിറ്റുകളുടെ അവസ്ഥകളുടെ വിലയിരുത്തലുകളും, വിദ്യാർത്ഥികളുടെ നേട്ടം മെച്ചപ്പെടുത്തുന്നതുമൊത്തുള്ള അലൈൻമെന്റ് നിർണയിക്കുന്നതിനുള്ള നടപടികളും, ലക്ഷ്യങ്ങൾക്കും പിന്തുണകൾക്കും ഫെസിലിറ്റികളുടെ ആസൂത്രണ പ്രക്രിയയ്ക്കും അനുസൃതമായി അവലോകനം ചെയ്യുക.

**5.5** ഏത് അടിസ്ഥാന പ്രവൃത്തികളെ സംബന്ധിച്ചും എങ്ങനെയാണ് ആ ഫണ്ടുകൾ സ്കൂളുകളെ പിന്തുണയ്ക്കുന്നത് എന്നത് സംബന്ധിച്ചുമുള്ള ഒരു അപ്ഡേറ്റ് സ്വീകരിക്കുക.

**5.6** സുപ്രധാനമായ ധനകാര്യ സാമഗ്രികൾ, ബഡ്ജറ്റ്, ഏറ്റവും അടുത്ത കാലത്തെ ഓഡിറ്റ്, ഗ്രാന്റുകൾ കൂടാതെ ഓഫീസ് ഓഫ് ദ ഇൻസ്പെക്ടർ ജനറലും ബോർഡ് ഓഫീസ് ഓഫ് ഓഡിറ്റിംഗ് സർവീസസും പ്രദാനം ചെയ്തിട്ടുള്ള മറ്റേത് റിപ്പോർട്ടുകളും ഓഡിറ്റുകളും അവലോകനം ചെയ്യുക.

**5.7** നിലവിലുള്ള തൊഴിൽ കരാറുകളും സമയക്രമങ്ങളും അവലോകനം ചെയ്യുക.

**5.8** ബഡ്ജറ്റുകളുടെയും സേവനങ്ങളുടെയും കേന്ദ്രീകരണം ഡിസ്ട്രിക്ട് ഏതു പരിധി വരെ സമതുലിതമാക്കുന്നു എന്നത് വിലയിരുത്തുക.





THE SCHOOL DISTRICT OF
PHILADELPHIA

# **FIRST 100 DAYS** LISTENING & LEARNING

Tony B. Watlington Sr., Ed.D. | *Superintendent*

**philasd.org/100days സന്ദർശിച്ച് കൂടുതൽ മനസ്സിലാക്കുക**





